# ഇസ്‌ലാം എന്നാൽ...

ദ ട്രൂത്ത്
സെന്റർ ഫോർ ഡിവൈൻ എജ്യൂക്കേഷൻ
മർകസുദ്ദഅ്‌വ, കണ്ടംകുളം റോഡ്, കോഴിക്കോട്

بسم الله الرحمن الرحيم

# പ്രസാധകക്കുറിപ്പ്

ഭൂമി, സൂര്യൻ, ചന്ദ്രൻ, ഇതരഗോളങ്ങൾ, ഇവയുൾക്കൊള്ളുന്ന സൗരയൂഥം! നിരവധി സൗരയൂഥങ്ങൾ വേറെയും! പ്രപഞ്ചത്തിന്റെ ഈ വ്യവസ്ഥാപിത ഭാവം, ഇതിനു പിറകിലെ ഒരു സ്രഷ്ടാവിലേക്കും നിയന്താവിലേക്കും വിരൽ ചൂണ്ടുന്നു. സ്രഷ്ടാവും നിയന്താവുമായ ആ ശക്തിയത്രെ ദൈവം. ഇവിടെ നിരവധി ജീവജാലങ്ങളുണ്ട്. പക്ഷെ, വിശേഷബുദ്ധിയുള്ള വർഗം ഒന്നുമാത്രം; മനുഷ്യർ! എന്തുകൊണ്ട് മനുഷ്യനുമാത്രം ദൈവം വിശേഷബുദ്ധി നല്കി? ഭൗതികമായ നിർവചനങ്ങളൊന്നും തൃപ്തികരമല്ല. മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്ത്? മനുഷ്യനെങ്ങനെ ജീവിക്കണം? എന്താണ് ധർമാധർമങ്ങൾ? മൗലികമായ ഈ ചോദ്യങ്ങൾക്ക് ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കോ തത്വശാസ്ത്രങ്ങൾക്കോ ഉത്തരങ്ങളില്ല.

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ദൈവദൂതന്മാരിലൂടെ പ്രപഞ്ചസ്രഷ്ടാവായ ദൈവം വേദഗ്രന്ഥങ്ങൾ വഴി മനുഷ്യർക്കായി നല്കിവന്നത്. മനുഷ്യരെ നേർപഥത്തിൽ നയിക്കാൻ നിരവധി വേദഗ്രന്ഥങ്ങൾ ദൈവം അവതരിപ്പിച്ചിട്ടുണ്ട്. ധാരാളം പ്രവാചകന്മാരെ നിയോഗിച്ചിട്ടുമുണ്ട്. അവസാനത്തെ ദൈവദൂതനത്രെ മുഹമ്മദ് നബി. അവസാനത്തെ വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ദൈവം ദൈവത്തിന്റെ ദർശനത്തിനു നല്കിയ പേര് 'ഇസ്‌ലാം' എന്നത്രെ. സമർപ്പണം, സമാധാനം, അനുസരണം എന്നൊക്കെയാണ് ഇസ്‌ലാം എന്ന പദത്തിന്റെ അർഥം. ദൈവിക ദർശനത്തിലൂടെ മാത്രമേ യാഥാർഥ മോക്ഷം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന് ദൈവം നമ്മെ അറിയിച്ചു. ദൈവികസന്ദേശം ജനങ്ങളിലേക്കെത്തിച്ചു കൊടുക്കാനുള്ള ഒരു എളിയ സംരംഭമത്രെ ദ ട്രൂത്ത്. സത്യാന്വേഷണരംഗത്ത് ഇത് താങ്കൾക്ക് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡയറക്ടർ**

22-06-2009 ദ ട്രൂത്ത്

# ഇസ്‌ലാം എന്നാൽ...

'ഇസ്‌ലാം' എന്ന പദത്തിനർഥം 'സമാധാനം' 'സമർപ്പണം' എന്നിവയാണ്. അഥവാ, ഏകനും ആരാധ്യനുമായ ദൈവത്തിനു മുമ്പിലുള്ള സമ്പൂർണ സമർപ്പണം. ദൈവികകല്പനകൾ അനുസരിക്കുന്നതിലൂടെയും അവന്റെ നിർദേശങ്ങൾ പാലിക്കുന്നതിലൂടെയും സമാധാനവും ശാന്തിയും കൈവരുമെന്നതത്രെ യാഥാർഥ്യം.

### 1. ആരാണ് അല്ലാഹു?

ഏകനായ പ്രപഞ്ചനാഥനെ അറബി ഭാഷയിൽ വിളിക്കുന്ന നാമമത്രെ 'അല്ലാഹു'. സർവലോകങ്ങളുടെയും സ്രഷ്ടാവും സംവിധായകനും സംരക്ഷകനുമാണവൻ. മനുഷ്യൻ ആരാധകൾ (പ്രാർഥനകൾ, നേർച്ചകൾ, വഴിപാടുകൾ...) സമർപ്പിക്കേണ്ടത് ഈ നാഥനു മാത്രമാണ്. അഭൗതികമായ മുഴുവൻ പ്രതീക്ഷകളും, സർവ പ്രണാമങ്ങളും ഈ ആരാധ്യനുള്ളതാണ്. ഏകനായ ദൈവമുണ്ടെന്ന് അംഗീകരിക്കുന്നതുകൊണ്ട് മാത്രം ഒരാൾ സ്രഷ്ടാവിനെ അംഗീകരിച്ചുവെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ആരാധനകളുടെ സകല അംശങ്ങളും അവന് സമർപ്പിക്കുന്നതിലൂടെ മാത്രമേ ഒരാൾ പ്രപഞ്ചനാഥനെ അംഗീകരിച്ചുവെന്ന് പറയാനാകൂ. ആരാധനകൾ സൃഷ്ടികളിലേക്ക് വഴിമാറുമ്പോൾ ആരാധ്യനായ സ്രഷ്ടാവിനെ അംഗീകരിക്കാത്തതിനു സമാനമായ അവസ്ഥയാണുണ്ടാവുക.

### 2. ആരാണ് പ്രവാചകന്മാർ?

ഏകനായ സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്നതിനും അവനെ മാത്രം ആരാധിക്കുന്നതിനായി ജനങ്ങളെ ക്ഷണിക്കുന്നതിനും വേണ്ടി ദൈവം നിശ്ചയിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട മനുഷ്യരാണ് പ്രവാചകന്മാർ. താൻ പ്രവാചകനാണെന്ന് പ്രബോധിതസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി അല്ലാഹു അവരിലൂടെ അമാനുഷികദൃഷ്ടാന്തങ്ങൾ (മുഅ്ജിസത്തുകൾ) വെളിപ്പെടുത്തുന്നു. മഹാപ്രളയത്തെ അതിജയിച്ച നൂഹ്നബിയുടെ പേടകം, മൂസാനബിക്ക് നല്കപ്പെട്ട വടി, രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്ത ഈസാനബിയുടെ പ്രവർത്തനം, മുഹമ്മദ് നബിയിലൂടെ അവതരിപ്പിക്കപ്പെട്ട നിത്യനൂതന വേദഗ്രന്ഥമായ ഖുർആൻ എന്നിവ ഇത്തരം ദൃഷ്ടാന്തങ്ങളുടെ ഉദാഹരണങ്ങളാണ്. സർവ സമൂഹങ്ങളിലേക്കും താക്കീതുകാർ നിയുക്തരായിട്ടുണ്ട്. ഖുർആൻ പറയുന്നു: "ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല." (ഖുർആൻ 35:2) എല്ലാ പ്രവാചകന്മാരിലും നാഥൻ അവന്റെ കാരുണ്യം ചൊരിയുമാറാകട്ടെ-ആമീൻ.

### 3. എന്താണ് ഖുർആൻ?

പ്രപഞ്ചസ്രഷ്ടാവിൽ നിന്നുള്ള അവസാനത്തെ വെളിപാടുകളുടെ സമാഹാരമാണ് വിശുദ്ധ ഖുർആൻ. മുഹമ്മദ് നബിയിലൂടെ അറബിഭാ

ഷയിൽ അവതരിപ്പിക്കപ്പെട്ട ഖുർആൻ അന്ത്യനാൾവരെ യാതൊരു മാറ്റ ത്തിരുത്തലുകളും കൂടാതെ നിലനില്ക്കുന്നതാണ്. പൂർവ വേദങ്ങളിൽ പരാമർശിക്കപ്പെട്ട സത്യങ്ങളെ ഖുർആൻ അംഗീകരിക്കുകയും പുനപ്ര ഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. ലോകവസാനംവരെയുള്ള മനുഷ്യർക്കു വേണ്ടി നിയുക്തനായ മുഹമ്മദ് നബിയിലൂടെ പ്രപഞ്ചസ്രഷ്ടാവ് ലോകർക്കു നല്കിയ മാർഗദർശകഗ്രന്ഥമാണത്.

### 4. ആരാണ് മുഹമ്മദ് നബി?

മാനവസമൂഹത്തിനുവേണ്ടി നിയുക്തനായ അവസാനത്തെ പ്രവാച കനാണ് മുഹമ്മദ് നബി. ഏ ഡി 570 ൽ അറേബ്യയിലെ ഖുറൈശിവംശ ത്തിലാണ് അദ്ദേഹം ഭൂജാതനായത്. ഇബ്റാഹീം നബിയുടെ (അബ്രഹാം) പുത്രനായ ഇസ്മാഈൽ നബിയിലാണ് മുഹമ്മദ് നബിയുടെ വംശപര മ്പര ചെന്നെത്തുന്നത്. അദ്ദേഹത്തിന്റെ ജനനത്തിനുമുമ്പ് പിതാവും ആറാം വയസ്സിൽ മാതാവും മരണമടഞ്ഞു. യുവാവായ മുഹമ്മദ് ‘അൽ അമീൻ’ (വിശ്വസ്തൻ) എന്ന പേരിലാണ് മക്കയിൽ അറിയപ്പെട്ടിരുന്നത്. വിഗ്ര ഹാരാധകരും അധർമകാരികളുമായിരുന്നു അന്നത്തെ അറേബ്യൻ സമൂ ഹം. വൃത്തിഹീനമായ സാമൂഹ്യ ചുറ്റുപാടുകളും അക്രമപ്രവർത്തനങ്ങളും യുവാവായ മുഹമ്മദിന്റെ മനസ്സിനെ അങ്ങേയറ്റം നൊമ്പരപ്പെടുത്തി. പട്ട ണത്തിനു പുറത്തുള്ള ഗുഹയിൽ അദ്ദേഹം പലപ്പോഴും സ്വസ്ഥതക്കുവേണ്ടി ഏകാന്തവാസം അനുഷ്ഠിക്കാറുണ്ടായിരുന്നു. ഈ ഗുഹയിൽ വെച്ചുകൊ ണ്ടാണ് 40-ാമത്തെ വയസ്സിൽ, ആദ്യമായി അദ്ദേഹം ദൈവികവെളിപാടു കൾ സ്വീകരിക്കുന്നത്. തുടർന്നുള്ള 23 വർഷങ്ങൾക്കിടയിൽ പലപ്പോഴായി ലഭിച്ച ദൈവികവെളിപാടുകളുടെ (വഹ്യ്) സമാഹാരമാണ് വിശുദ്ധ ഖുർ ആൻ.

### 5. ഇസ്ലാമിലെ പഞ്ചസ്തംഭങ്ങൾ ഏവ?

ഇസ്ലാം നിലകൊള്ളുന്നത് അഞ്ച് സ്തംഭങ്ങളിലാണ്.

1. ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മുഹമ്മദ് നബി അവ സാനത്തെ പ്രവാചകനുമാണെന്ന് വിശ്വസിക്കൽ (ഈമാൻ)
2. ദിവസവും അഞ്ചുനേരത്തെ നമസ്കാരം (സലാത്ത്)
3. റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം (സ്വിയാം)
4. സമ്പത്തിന്റെ രണ്ടര ശതമാനം നിർബന്ധ ദാനമായി നല്കൽ (സ ക്കാത്ത്)
5. സാമ്പത്തികവും ശാരീരികവുമായ സുസ്ഥിരതയുണ്ടെങ്കിൽ മക്കയിൽ പോയി ഹജ്ജ് കർമം നിർവഹിക്കൽ (ഹജ്ജ്)

### 6. ഇസ്ലാമിലെ വിശ്വാസകാര്യങ്ങൾ ഏതെല്ലാം?

1. അല്ലാഹുവിലുള്ള വിശ്വാസം
2. മലക്കുകളിലുള്ള വിശ്വാസം.

3. വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം
4. പ്രവാചകന്മാരിലുള്ള വിശ്വാസം
5. അന്ത്യദിനത്തിലുള്ള വിശ്വാസം
6. വിധി വിശ്വാസം

**7. ആരാണ് മുസ്‌ലിം?**

ആറ് വിശ്വാസകാര്യങ്ങൾ അംഗീകരിക്കുകയും പഞ്ചസ്തംഭങ്ങളെ ആസ്പദിച്ച് അനുഷ്ഠാനങ്ങൾ നിർവഹിക്കുകയും ചെയ്യുന്നതോടുകൂടിയാണ് ഒരാൾ മുസ്‌ലിമാകുന്നത്. അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്നമുഹമ്മദൻ അബ്ദുഹു വറസുലുഹു എന്ന സാക്ഷ്യവമാക്യമുച്ചരിച്ചുകൊണ്ട് ഒരാൾക്ക് ഇസ്‌ലാമിൽ പ്രവേശിക്കാവുന്നതാണ്. "ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും, മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു." എന്നത്രെ ഇതിന്നർഥം. ലോകത്തുള്ള സകല പ്രവാചകന്മാരും പ്രബോധനം ചെയ്ത സന്ദേശമാണിത്. നൂഹ്, ഇബ്‌റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, മൂസ, ഈസ മുതലായവർ ഈ പ്രവാചക പരമ്പരയിലെ കണ്ണികളാണ്. മുഴുവൻ പ്രവാചകന്മാരും ദൈവഹിതത്തിനനുസൃതമായി ജീവിതം നയിച്ചവരും അല്ലാഹുവിനു കീഴ്‌പ്പെട്ടവരുമായിരുന്നു. ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു.

ഇബ്‌റാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്‌പ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽപെട്ടവനായിരുന്നിട്ടുമില്ല. (3:67)

മറ്റു മതങ്ങളെല്ലാം ഏതെങ്കിലും പ്രദേശങ്ങളുമായോ വ്യക്തികളുമായോ ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ഉദാഹരണമായി, യഹൂദമതം ജൂതവംശവുമായും, ക്രിസ്തുമതം യേശുക്രിസ്തുവുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇസ്‌ലാമാകട്ടെ ദൈവത്തിൽ നിന്നും അവതീർണമായ സത്യസന്ദേശമാണെന്നും ഏതർഥത്തിലും യുക്തിഭദ്രമാണെന്നും കാണാവുന്നതാണ്.

**8. സ്രഷ്ടാവിന് സ്വീകാര്യമായ ഏകമതം ഇസ്‌ലാം മാത്രമാണോ?**

അതെ! സമാധാനം, സമർപ്പണം മുതലായവയാണ് ഇസ്‌ലാം എന്ന പദത്തിനർഥം എന്ന് മുഖവുരയിൽ സൂചിപ്പിച്ചതോർക്കുക. പൂർണമായും സ്രഷ്ടാവിന് സമർപ്പിക്കപ്പെടുന്ന കർമങ്ങൾക്ക് മാത്രമേ അവന്റെയരികിൽ സ്വീകാര്യത ലഭിക്കുകയുള്ളൂ. അല്ലാഹു പറയുന്നു.

"അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവരാഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്‌പ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും."

"(നബിയേ) പറയുക: അല്ലാഹുവിലും, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതി (ഖുർആൻ) ലും, ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ട (ദിവ്യസന്ദേശം) തിലും, മൂസാക്കും ഈസാനബിക്കും മറ്റു പ്രവാചകന്മാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നല്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കല്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ടവരാകുന്നു."

ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (3:83-85)

### 9. അല്ലാഹുവിൽ വിശ്വാസമർപ്പിക്കാത്തവരുടെ കർമങ്ങൾ നിഷ്ഫലമാണോ?

അതെ! അല്ലാഹു പറയുന്നു.

"(നബിയേ), പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?"

"ഐഹിക ജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്."

"തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേല്പിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല."

"അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളെയും ദൂതന്മാരെയും പരിഹാസ്യമാക്കുകയും ചെയ്തതിന്നുള്ള (ശിക്ഷയായ) നരകം."

"തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സല്ക്കാരം നല്കാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ." (18:103-107)

### 10. എന്താണ് പരലോകം?

'പരലോകം' അന്ത്യവിധിനാളിനെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ കർമങ്ങൾക്കനുസൃതമായി അവനു പ്രതിഫലം നല്കപ്പെടുന്ന ഒരു വേദി വരാനുണ്ട്. മരണാനന്തരം സർവമുഷ്യരെയും പുനരജ്ജീവിപ്പിക്കുകയും ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ഒരു മഹാസംഗമവേദി. അവിടെ മനുഷ്യന്റെ കർമങ്ങൾ വിചാരണ ചെയ്യപ്പെടും. ഓരോരുത്തരും തങ്ങളുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് സ്വർഗാവകാശിയോ നരകാവകാശിയോ ആയിത്തീരുകയും തുടർന്ന് അനശ്വരജീവിതം നയിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു.

“ഉയിർത്തെഴുന്നേല്പിന്റെ നാളുകൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു.”

കുറ്റപ്പെടുത്തുന്ന മനസിനെക്കൊണ്ടും ഞാൻ സത്യം ചെയ്തുപറയുന്നു.

മനുഷ്യർ വിചാരിക്കുന്നുണ്ടോ; നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്?

അതെ, നാം അവന്റെ വിരൽത്തുമ്പുകളെപ്പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ. (75:1-4).

## 11. മുസ്ലിംകൾ മുഹമ്മദ് നബിയെ ആരാധിക്കുന്നുണ്ടോ?

ഇല്ല! മുഹമ്മദ് നബിയെയോ മറ്റേതെങ്കിലും പ്രവാചകന്മാരെയോ, സൃഷ്ടികളെയോ മുസ്ലിംകൾ ആരാധിക്കുന്നില്ല. ഏതെങ്കിലും സൃഷ്ടികളെ ആരാധിക്കുന്നവന് ഒരിക്കലും മുസ്ലിമാകുവാൻ കഴിയില്ല. അല്ലാഹു പറയുന്നു.

(നബിയേ) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നല്കപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്തുകൊള്ളുട്ടെ. (18:110)

## 12. മനുഷ്യകുലത്തെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യമെന്ത്?

അല്ലാഹുവിന്റെ സൃഷ്ടികർമത്തെ നാം വിശകലനം ചെയ്യുക, ഓരോ കാര്യത്തിനും ഒരു നിശ്ചയവും ലക്ഷ്യവും കാണുവാൻ സാധിക്കും. താളാത്മകവും വിസ്മയാവഹവുമായ പ്രാപഞ്ചിക ചലനങ്ങൾ, അത്യത്ഭുതങ്ങളുടെ കലവറയായ മനുഷ്യശരീരം, ചിന്ത, കാഴ്ച, കേൾവി, സ്പർശനശേഷി, പ്രതിരോധ സംവിധാനം, ശരീരത്തിന്റെ വളർച്ച മുതലായവ, ഭൂമിയിലെ അസംഖ്യ ജന്തു-സസ്യവർഗങ്ങൾ, കാലാവസ്ഥ, വായുചംക്രമണം, ജലചക്രം തുടങ്ങിയ പ്രതിഭാസങ്ങൾ, എല്ലാം വൃഥാ സൃഷ്ടിച്ചതല്ലെന്ന് നമുക്ക് ബോധ്യപ്പെടും. ഏതൊന്നിന്റെയും പിറകിൽ കുടികൊള്ളുന്ന ലക്ഷ്യം കാണുവാൻ സാധിക്കും. അല്ലാഹു പറയുന്നു.

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” (51:56)

സ്രഷ്ടാവിന്റെ കല്പനകളനുസരിച്ച് ജീവിക്കുക എന്നതാണ് മനുഷ്യപ്രകൃതി. ഓരോ കുഞ്ഞും ജന്മമെടുക്കുന്നത് ഈ ശുദ്ധ പ്രകൃതിയോടുകൂടിയാണ്. നന്മയുടെ തെളിഞ്ഞ മാർഗവും തിന്മയുടെ വൃത്തഹീനമായ വഴിയും തെരഞ്ഞെടുക്കുവാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. അല്ലാഹു പറയുന്നു.

“തീർച്ചയായും നാം അവന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു.” (16:3)

### 13. യേശുവിന്റെ കാര്യത്തിലുള്ള സത്യമെന്ത്?

മർയമിന്റെ പുത്രനായ യേശു അല്ലാഹുവിന്റെ അടിമയും ദൂതനുമത്രെ. അദ്ദേഹത്തിന്റെ ജനനം, അമാനുഷികമാണെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്.

“അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഈസയെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. അവനെ (അവന്റെ രൂപം) മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു.” (3:59)

ദൈവഹിത പ്രകാരമുള്ള നിരവധി അമാനുഷിക സംഭവങ്ങൾ യേശുവിന്റെ വെളിപ്പെടുത്തുകയുണ്ടായിട്ടുണ്ട്. തൊട്ടിലിൽ വെച്ച് സംസാരിക്കുക, മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കുക, കളിമണ്ണിൽ ജീവനുള്ള പാവയെ ഉണ്ടാക്കുക മുതലായവ ഈ ഗണത്തിൽ പെടുന്നു. തനിക്കു മുമ്പ് നിയുക്തമായ പ്രവാചകന്മാർ പ്രബോധനം ചെയ്ത സത്യസന്ദേശമാണ് യേശുവും പ്രചരിപ്പിച്ചത്. ‘ദൈവപുത്രൻ’ എന്ന നിലയിൽ അദ്ദേഹത്തെ ചിത്രീകരിക്കുന്നതും വാഴ്ത്തുന്നതും കടുത്ത അപരാധമാണ്. അദ്ദേഹത്തെ സംബന്ധിച്ച തർക്കത്തിൽ ഖുർആൻ ഇപ്രകാരം തീർപ്പുകല്പിക്കുന്നു.

“അവരുടെ സത്യനിഷേധം കാരണമായും, മർയമിന്റെ പേരിൽ അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല ക്രൂശിച്ചിട്ടുമില്ല. പക്ഷേ (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതെയാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസയുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല.

എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.”(4:156-158)

### 14. ദൈവപുത്രൻ ത്രിയേകത്വം എന്നിവയെ സംബന്ധിച്ച് അല്ലാഹു പറയുന്നു.

“അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. ഏക ആരാധ്യനല്ലാതെ യാതൊരാരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചിട്ടില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ...”

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന്നു മുമ്പും ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവരിരുവരും (നിങ്ങളെപ്പോലെ) ഭക്ഷണം കഴിക്കുന്നവരായിരുന്നു. നോക്കൂ നാം അവർക്ക് എങ്ങനെയെല്ലാം ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നുവെന്ന്. നോക്കൂ. എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്. (5:72-75)

### 15. ഇസ്‌ലാം സ്ത്രീസ്വാതന്ത്ര്യം നിഷേധിക്കുന്നുണ്ടോ?

ഒരിക്കലുമില്ല. നേരെ മറിച്ച് 1400 വർഷങ്ങൾക്കുമുമ്പേ ഇസ്‌ലാം സ്ത്രീയെ മോചിപ്പിക്കുകയാണ് ചെയ്തത്. സ്ത്രീക്ക് ഹൃദയമുണ്ടോ എന്ന ചർച്ചയായിരുന്നു അന്ന് യൂറോപ്യൻ ബുദ്ധിജീവികൾക്കിടയിലുണ്ടായിരുന്നത്. ഉണ്ടെങ്കിൽ തന്നെ മനുഷ്യഹൃദയമാണോ അതോ മൃഗത്തിന്റെ ഹൃദയമോ. ഈയടുത്ത കാലംവരെ സ്ത്രീയെ ഭർത്താവിന്റെ സ്വത്തു മാത്രമായാണ് പരിഗണിക്കപ്പെട്ടുപോന്നത്. ഇസ്‌ലാമാകാട്ടെ സ്ത്രീക്കും പുരുഷനും ഒരേ സ്ഥാനം കല്പിച്ചു. പണം സമ്പാദിക്കുവാനും ഇണയെ തെരഞ്ഞെടുക്കുവാനും ആവശ്യമെങ്കിൽ വിവാഹമോചനം തേടുവാനും അനന്തര സ്വത്ത് സ്വീകരിക്കുവാനും ഇസ്‌ലാം സ്ത്രീക്ക് സ്വാതന്ത്ര്യം നല്കുന്നുണ്ട്. ഇസ്‌ലാമിക വസ്ത്രധാരണ (ഹിജാബ്) രീതിയിലൂടെ അവർ സംരക്ഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. പാശ്ചാത്യനാടുകളിൽ സ്ത്രീ ഒരു ലൈംഗിക ഉപകരണവും ആവശ്യം കഴിഞ്ഞാൽ ഉപേക്ഷിക്കപ്പെടുന്ന യന്ത്രവുമാണ്. നിശാക്ലബ്ബുകളിൽ കഴിച്ചുകൂട്ടുകയും മദ്യവില്പന നടത്തുകയും ചെയ്യുന്ന നിരവധി സ്ത്രീകൾ അത്തരം നാടുകളിലുണ്ട്. ഇതാണ് സ്ത്രീയെ സ്വാതന്ത്ര്യമായി പാശ്ചാത്യർ വിലയിരുത്തുന്നത്. എന്നാൽ ഇസ്‌ലാം സ്ത്രീയെ മാനിക്കുകയും അവളുടെ പദവി അംഗീകരിക്കുകയും ചെയ്യുന്നു. സ്ത്രീ അടിച്ചമർത്തപ്പെടേണ്ടവളോ ആക്ഷേപിക്കപ്പെടേണ്ടവളോ അല്ല. ആദരിക്കപ്പെടേണ്ടവളും സംരക്ഷിക്കപ്പെടേണ്ടവളുമാണെന്നാണ് ഇസ്‌ലാമിന്റെ ശാസന. ഇക്കാരണം കൊണ്ടു തന്നെയാണ് സ്ത്രീകൾക്കിടയിൽ ഇസ്‌ലാം അതിവേഗപ്രചാരം നേടുന്നത്.

### 16. ഇസ്‌ലാം ബഹുഭാര്യാത്വം അനുവദിക്കുന്നുണ്ടോ?

അതെ! തുല്യപരിഗണന നല്കുവാൻ സാധിക്കുന്നവർക്ക് നാല് സ്ത്രീകളെ വരെ വിവാഹം കഴിക്കാൻ ഇസ്‌ലാം അനുമതി നല്കുന്നുണ്ട്. സാമ്പത്തികമായ സുസ്ഥിരതയുണ്ടാവുകയും ഓരോ ഭാര്യമാർക്കും വ്യത്യസ്ത താമസസൗകര്യമേർപ്പെടുത്തുകയും സഹവാസസമയം അവർക്കിടയിൽ തുല്യമായി വീതിക്കുകയും ചെയ്യേണ്ടതുണ്ട്. പാശ്ചാത്യ സമൂഹങ്ങളിൽ ഒരു ഭാര്യയെ മാത്രം സ്വീകരിച്ചിട്ടുള്ള അനേകം പേർ വിവാഹേതര ലൈംഗികബന്ധങ്ങളിൽ ഏർപ്പെടുന്നവരാണ്. 1988, ഏപ്രിൽ 4ന് പ്രസിദ്ധീകരിച്ച 'USA Today' വെളിപ്പെടുത്തുന്ന ഒരു സർവേപ്രകാരം 4700 സ്ത്രീകളുടെ അഭിപ്രായമാരാഞ്ഞതിൽ “വെപ്പാട്ടിയായി ജീവിക്കു

ന്നതിനേക്കാൾ, രണ്ടാം ഭാര്യയായി ജീവിക്കാനാണ് ആഗ്രഹം.'' എന്ന മറുപടി മാത്രമാണ് ലഭിച്ചത്. നിയമപ്രകാരം വിവാഹിതയായ സ്ത്രീകൾക്ക് ലഭിക്കുന്ന സ്ഥാനമോ, അവകാശങ്ങളോ ഇത്തരം സ്ത്രീകൾക്ക് ലഭിക്കുകയില്ല. ഇസ്ലാം ഒരു കാരണവശാലും പരസ്ത്രീബന്ധം അനുവദിക്കുന്നില്ല. അത് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുന്നതും മഹാമാരികൾക്ക് ഹേതുവുമാണ്. വിവാഹേതര ബന്ധങ്ങളിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെയും അവർക്ക് ജന്മം നല്കുന്ന സ്ത്രീകളുടെയും അവസ്ഥയെന്ത്? തനിക്ക് ജന്മം നല്കിയ മാതാപിതാക്കളുടെ കീഴിൽ വളരാനുള്ള പ്രാഥമിക അവകാശം പോലും ഈ കുഞ്ഞുങ്ങൾക്ക് നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ആ ബന്ധത്തിന്റെ സന്തതിയായി അറിയപ്പെടാൻ ആരും ആഗ്രഹിക്കുകയില്ല. യുദ്ധങ്ങളിലും കലാപങ്ങളിലും വിധവകളായിത്തീരുന്ന സ്ത്രീകളുടെ സുരക്ഷക്കും വിവാഹേതര ലൈംഗികബന്ധങ്ങളവസാനിപ്പിക്കുന്നതും സ്വവർഗരതി ഇല്ലാതാക്കുന്നിനും ഇസ്ലാം നിർദേശിക്കുന്ന പ്രായോഗിക പരിഹാരമാണ് ബഹുഭാര്യാത്വം. ഇത് ഒരു നിർബന്ധ അനുഷ്ഠാനമല്ല. മറിച്ച് സ്ത്രീ പുരുഷബന്ധത്തിന്റെ താളാത്മകത സംരക്ഷിക്കുന്ന നിയമം മാത്രമാണ്.

**17. ഇസ്ലാം തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ?**

ഇല്ല, സർവ അവകാശലംഘനങ്ങളേയും ഇസ്ലാം എതിർക്കുന്നു. സ്വരക്ഷയ്ക്കുവേണ്ടിയുള്ള പ്രതിരോധം മാത്രമാണ് ഇസ്ലാം അനുവദിക്കുന്നത്. കെട്ടിടങ്ങൾ തകർക്കുകയും നിരപരാധികളെ വധിക്കുകയും സ്ഫോടനപരമ്പരകൾ സൃഷ്ടിക്കുകയും ചെയ്യുന്നവർ സമാധാനത്തെ കളങ്കപ്പെടുത്തുന്നവരാണ്. ഇത്തരം ചെയ്തികൾ ഇസ്ലാമിക വൃത്തത്തിനു പുറത്താണ്. ഭീകരതയും തീവ്രവാദവും ഇസ്ലാമിന് അന്യമത്രെ.

**18. ഇസ്ലാമിൽ ജാതീയതയുണ്ടോ?**

ഇല്ല, എല്ലാ രാജ്യങ്ങളിലും മുസ്ലിംകളുണ്ട്. അവർ യൂറോപ്യന്മാരോ, ആഫ്രിക്കക്കാരോ, ഏഷ്യൻവംശജരോ അമേരിക്കക്കാരോ ആവാം. ലോകത്ത് അഞ്ചുപേരിൽ ഒരാൾ മുസ്ലിമുമാണ്. ഇസ്ലാം മാനവകുലത്തിന്റെ സാഹോദര്യവും ഐക്യവുമാണ് പ്രഖ്യാപിക്കുന്നത് അല്ലാഹു പറയുന്നു.

ഹേ, മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. (49:13)

**19. ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളെ ഖുർആൻ പ്രവചിച്ചിട്ടുണ്ടോ?**

സർവലോക സ്രഷ്ടാവും ത്രികാലജ്ഞാനിയുമായ പ്രപഞ്ചനാഥൻ അവതരിപ്പിച്ച ഗ്രന്ഥമാണ് ഖുർആൻ. അതിലെ പ്രസ്താവ്യങ്ങളും സത്യങ്ങളും ശാസ്ത്രത്തിന് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. പ്രപഞ്ചവികാസത്തെ സംബന്ധിച്ച ഖുർആന്റെ പരാമർശം ഇതിനുദാഹരണമാണ്. ആകാശമാകട്ടെ നാം അതിനെ കരങ്ങളാൽ നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനുമാകുന്നു. (51:47)

ജീവോല്പത്തി വെള്ളത്തിൽ നിന്നാണെന്ന് ഖുർആൻ പറയുന്നു.

ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽ നിന്ന് എല്ലാ ജീവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?(21:30)

“മനുഷ്യന്റെ വിരൽതലപ്പുകളുടെ വൈവിധ്യത്തെ സംബന്ധിച്ച് ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു.

മനുഷ്യൻ വിചാരിക്കുന്നുണ്ടോ, നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്?

അതെ, നാം അവന്റെ വിരൽത്തുമ്പുകളെപ്പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ.”(75:3-4)

ഖുർആൻ ദൈവികവചനങ്ങളാണ് എന്നതിന് ഇത്തരം നിരവധി ഉദാഹരണങ്ങളാണ്. അല്ലാഹു പറയുന്നു.

അവർ ഖുർആനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുകയായിരുന്നു (4:82)

**20. സ്വന്തത്തെ ദൈവത്തിനു സമർപ്പിക്കുന്ന (മുസ്ലിം) ആകാൻ കഴിയുമോ?**

തീർച്ചയായും, ഇസ്ലാമിനെക്കുറിച്ച് നാം മനസ്സിലാക്കിയ കാര്യങ്ങൾ നിങ്ങൾ ജീവിതത്തിൽ ഉൾക്കൊള്ളുക. അത് നമുക്ക് സമാധാനവും സുരക്ഷിതവും അന്തസ്സും അഭിമാനവും പ്രദാനം ചെയ്യും. മാനസികമുറുക്കങ്ങളിൽ നിന്നു അഭൗതികതയിൽ നിന്നും അലക്ഷ്യമായ ജീവിതത്തിൽ നിന്നും ഇസ്ലാം പ്രകാശത്തിന്റെ വിശാല ലോകത്തേക്ക് നമ്മെ നയിക്കും. മൂല്യങ്ങൾ നശിക്കുകയും കുറ്റകൃത്യങ്ങൾ അധികരിക്കുകയും ചെയ്യുന്ന ഈ ലോകത്ത് ഇസ്ലാം നമ്മെ യഥാർഥപാതയിലേക്ക് നയിക്കും. അല്ലാഹു ഖുർആനിൽ പറയുന്നു.

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. (3:102)